"ഭരണഭാഷ–മാതൃഭാഷ"

**<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്</u>**
**<u>ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം</u>**
**<u>നഗരാസൂത്രകന്റെ നടപടിക്രമം</u>**

**വിഷയം** : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് – ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം – മീനച്ചിൽ ഗ്രാമപഞ്ചായത്ത് സോമിൽ നിർമ്മാണം – സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ–ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നത്–സംബന്ധിച്ച്

**പരാമർശം** : 1. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.08.2021 ലെ എ 3–1855/2021 നമ്പർ കത്ത്.
2. ശ്രീ.അനിൽകുമാർ.കെ.ജി, ശ്രീ.ബിജുമോൻ ജേക്കബ് എന്നിവരുടെ 06.11.2021–ലെ അപേക്ഷ.

---

**ഉത്തരവ് നമ്പർ: TCPKTM/567/2021–C/D.Dls** **തീയതി : 18/11/2021**

---

മീനച്ചിൽ ഗ്രാമ പഞ്ചായത്തിൽ, പൂവരണി വില്ലേജിൽ ബ്ലോക്ക് നമ്പർ 42 ൽ റീ സർവേ നമ്പർ 382/1 ൽ ഉൾപ്പെട്ട 2.2940 ഹെക്ടർ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ നിന്നും പ്രത്യേകമായി വേർതിരിച്ച 3036 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ളതും നിലവിൽ office cum rest room (VII/524, VII/525) സ്ഥിതി ചെയ്യുന്നതുമായ പ്ലോട്ടിൽ Group–I (Hazardous) Occupancy (Power used 36 HP, Number of labours–5) വിഭാഗത്തിൽ പെടുന്ന Saw mill (130.24 ചതുരശ്ര മീറ്റർ) അനുബന്ധമായി Toilet block (6.06 ചതുരശ്ര മീറ്റർ ) എന്നിവ നിർമ്മിക്കുന്നതിനാണ് അപേക്ഷിച്ചിരിക്കുന്നത്. അപേക്ഷകരുടെ പ്ലോട്ടിലെ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 227.30 ചതുരശ്ര മീറ്ററുമാകുന്നു. അപേക്ഷ പരിഗണിച്ച് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ–2019 (KPBR–2019), ചട്ടം 5(6), 30 എന്നിവ പ്രകാരം താഴപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ–ഔട്ടിനും അംഗീകാരം നൽകുന്നു.

1. താഴെപ്പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും , കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ–2019 (KPBR–2019) ലെ ചട്ടം 5(4) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / എൻ.ഓ.സി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി / ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളു.
2. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ–2019 (KPBR–2019) ലെ ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത , സർവ്വേ നമ്പർ , വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകരുടെ നിർമാണാവകാശം , ഉടമസ്ഥാവകാശം എന്നിവയും, ലീസ് എഗ്രിമെന്റ് ഉൾപ്പെടെ ബന്ധപ്പെട്ട

എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം. നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും ഉറപ്പുവരുത്തണം.

3. അപേക്ഷകൻറെ പ്ലോട്ടിൽ നിലവിലുള്ള office cum rest room കെട്ടിടം അംഗീകൃതമായിരിക്കണം.
4. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019) ലെ ചട്ടം 28(1) പാലിച്ചുകൊണ്ട് റോഡിൽ നിന്നും പ്ലോട്ടിലേക്ക് access നൽകണം.
5. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019), ചട്ടം 76 (3) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള Urban Forestry നൽകണം.
6. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019), ചട്ടം 79(1), 79(7) പ്രകാരം മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ നൽകേണ്ടതും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
7. നിർമ്മാണം പൂർത്തിയാക്കിയ കെട്ടിട ഭാഗങ്ങൾ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019) ചാപ്റ്റർ-XX ലെ നടപടിക്രമങ്ങൾ പാലിച്ചു ക്രമവൽക്കരിക്കേണ്ടതാണ്.
8. നിർമ്മാണം കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019) നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ. കെ.പി.ബി.ആർ-2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ , നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്കും, ക്രമവൽക്കരണത്തിനും പരിഗണിക്കുവാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : **41/2021/KTM**)

**ANILKUMAR P, TP TPKTYM, O/O TP TPKTYM**

**സെക്രട്ടറി,**
മീനച്ചിൽ ഗ്രാമപഞ്ചായത്ത് (പ്ലാൻ 1 സെറ്റ് സഹിതം)

<u>പകർപ്പ് :</u>

1. ശ്രീ. അനിൽകുമാർ കെ. ജി, കല്ലുൻകുഴിയിൽ, തിടനാട് പി. ഒ & ശ്രീ.ബിജുമോൻ ജേക്കബ് , എഴുപറയിൽ ഹൗസ്, തിടനാട് P.O
2. അധികം -1